# വിദ്യുത് തരംഗം

വി.പി. മരയ്ക്കാർ സ്മാരക മന്ദിരം - അംബുജവിലാസം റോഡ്, തിരുവനന്തപുരം
വിശേഷാൽ പതിപ്പ്



അങ്ങ് പകർന്ന ഊർജ്ജം
എന്നും ഞങ്ങളുടെ ചാലകശക്തി.

2026 ഏപ്രിൽ വിശേഷാൽ പതിപ്പ്
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ,എൻ.ടി.യു.സി) പ്രസിദ്ധീകരണം



# ജനവഞ്ചകരേ! തൊഴിലാളി വിരുദ്ധരേ!

# കടക്ക് പുറത്ത്



## കെടുകാര്യസ്ഥതയുടെ തൊഴിലാളി ദ്രോഹത്തിന്റെ 10 വർഷങ്ങൾ

## മറക്കാതിരിക്കാം. മാറ്റം വരുത്താം




- 160 മാസത്തെ ഡി.എ. കുടിശ്ശിക നഷ്ടപ്പെടുത്തി.
- ശമ്പള പരിഷ്കരണം അട്ടിമറിച്ചു.
- ലീവ് സറണ്ടർ കിട്ടാക്കനിയാക്കി.
- പ്രളയത്തിന്റെ പേര് പറഞ്ഞ് സാലറി ചലഞ്ച് എന്ന പേരിൽ ശമ്പളം പിടിച്ചുപറിച്ചു.
- കോവിഡിന്റെ പേര് പറഞ്ഞ് ഓർഡിനൻസിറക്കി സാലറി കട്ട് എന്ന പേരിൽ ശമ്പളം കവർന്നെടുത്തു.
- തസ്തികകൾ വെട്ടിച്ചുരുക്കിയും അപ്രഖ്യാപിത നിയമന നിരോധനം വഴിയും അമിത ജോലിഭാരം അടിച്ചേൽപ്പിച്ചു.
- പ്രമോഷനുകൾ പരമാവധി വൈകിപ്പിച്ച് ലക്ഷങ്ങളുടെ നഷ്ടം ഉണ്ടാക്കി.
- പങ്കാളിത്ത പെൻഷൻകാരെ പറഞ്ഞുപറ്റിച്ചു.
- പത്ത് വർഷത്തിനിടെ 5 ഉത്തരവിലൂടെ 6 തവണ കറന്റ് ചാർജ് വർധിപ്പിച്ചു.
- വൈദ്യുതി നിയന്ത്രണമെന്ന ഓമനപേരിൽ അപ്രഖ്യാപിത ലോഡ്ഷെഡിംഗ് പതിവാക്കി.
- ഗാർഹിക ഉപഭോക്താക്കൾക്ക് ആദ്യമായി ഫിക്സഡ് ചാർജ് വൻ തോതിൽ വർദ്ധിപ്പിച്ചു.
- യു.ഡി.എഫ്. ഭരണകാലത്ത് ഒപ്പുവെച്ച കുറഞ്ഞ വിലക്കുള്ള ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കി. പകരം അദാനി ഉൾപ്പെടെയുള്ളവരിൽനിന്ന് കൂടിയ വിലക്ക് വൈദ്യുതി വാങ്ങി നഷ്ടംവരുത്തി അധിക ബാദ്ധ്യത വൈദ്യുതിചാർജ് വർധനയിനത്തിൽ ജനങ്ങളുടെ മേൽ കെട്ടിവെച്ചു.
- ട്രാൻസ്ഗ്രിഡ്, കെ-ഫോൺ തുടങ്ങിയ പദ്ധതികളിലൂടെ അഴിമതിയും ധൂർത്തും നടത്തി കെ.എസ്.ഇ.ബി.യെ കടക്കെണിയിലാക്കി.
- ഇടതുഭരണകാലത്ത് സെക്ഷൻ / ഡിവിഷൻ / സർക്കിൾ / സോണൽ ഓഫീസുകൾ ഒന്നുപോലും പുതുതായി അനുവദിച്ചില്ല.

## അവകാശങ്ങൾ ചോദിച്ചാൽ വീട്ടിൽപോയി ചോദിക്കാൻ പറയുന്നവരെ അധികാരത്തിൽനിന്ന് പിടിച്ചു പുറത്താക്കുക, വീട്ടിലിരുത്തുക.

പത്തുവർഷത്തെ ഇടതുഭരണത്തിനു ശേഷം കേരളം 2026 ഏപ്രിൽ 9ന് ഒരു നിയമസഭാ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ പോവുകയാണ്. കേരളത്തിന്റെ സമസ്ത മേഖലകളെയും തകർത്ത് തരിപ്പണമാക്കിയ കാലമാണ് 2016 മെയ് മുതൽ കടന്നുപോയത്. ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ ദുരിതം പേറേണ്ടിവന്ന ഒരു വിഭാഗമാണ് സംസ്ഥാന സർക്കാർ ജീവനക്കാരും പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളും. പതിറ്റാണ്ടുകളായി അവർ അനുഭവിച്ചുവന്നിരുന്ന അവകാശങ്ങൾ ഒന്നൊന്നായി വെട്ടിയരിയുന്നതിന് പത്ത് വർഷത്തെ പിണറായി വിജയൻ ഭരണത്തിന് കീഴിൽ അവർക്ക് സാക്ഷിയാകേണ്ടിവന്നു.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന് ആനുപാതികമായി ഓരോ അർധ വർഷവും ലഭിക്കേണ്ടിയിരുന്ന ക്ഷാമബത്ത വർധന നിഷേധിക്കപ്പെട്ടു. ഒടുവിൽ നിയസഭാ തെരഞ്ഞെടുപ്പ് ആസന്നമായപ്പോൾ ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും കണ്ണിൽ പൊടിയിടാനായി. ഡി.എ. വർധന പ്രഖ്യാപിച്ചെങ്കിലും വർഷങ്ങളുടെ മുൻകാല പ്രാബല്യം നിഷേധിച്ചതോടെ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണ് ഓരോ ജീവനക്കാരനും സംഭവിച്ചത്. 2016ൽ യു.ഡി.എഫ്. ഭരണകാലത്ത് ഒപ്പുവെച്ച ദീർഘകാല ശമ്പള കരാറിൽ അഖിലേന്ത്യാ ഉപഭോക്തൃ വില സൂചിക പ്രസിദ്ധീകരിക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി. ജീവനക്കാർക്ക് ക്ഷാമബത്ത വർധന അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പിണറായി വിജയൻ സർക്കാർ അധികാരത്തിലെത്തിയത് മുതൽ ഈ വ്യവസ്ഥ ലംഘിച്ചു. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) നയിച്ച നിയമ- സമര പോരാട്ടങ്ങളുടെ ഒടുവിൽ ഏതാനും ഗഡു ക്ഷാമബത്ത അനുവദിച്ചെങ്കിലും പിന്നീട് ഡി.എ. വർധന ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കെ.എസ്.ഇബി. ജീവനക്കാർക്ക് ലഭിക്കണമെങ്കിൽ അതിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. 2016ലും 2021ലും നടപ്പിലാക്കിയ ശമ്പള പരിഷ്കരണങ്ങൾക്ക് സർക്കാർ അംഗീകാരം നൽകാതെ പിണറായി വിജയൻ സർക്കാർ കഴിഞ്ഞ പത്ത് വർഷവും ഫയൽ തടഞ്ഞുവെച്ചു. നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് തൊട്ടുമുമ്പ് 2026 മാർച്ച് 12ന് 2016ലെ ശമ്പള പ്രസിദ്ധീകരണത്തിന് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഭാവിയിൽ ശമ്പള പരിഷ്ക്കരണങ്ങൾക്ക് കർശന ഉപാധിയും നിയമവിരുദ്ധവും തൊഴിലാളിവിരുദ്ധവുമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി. കടുത്ത പ്രതിഷേധത്തെ തുടർന്ന് മാർച്ച് 15ന് ഒരു ഭേദഗതി ഉത്തരവ് പുറത്തിറക്കിയെങ്കിലും ഓഫീസർമാർക്കുള്ള കേഡർ പേ പുന:സ്ഥാപിച്ചതും ഭാവിയിലെ ശമ്പളപരിഷ്ക്കരണങ്ങൾക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതി

### സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട

### അഴിമതിയും ധൂർത്തും കൊടിപാറിയ കാലം

സ്പ്രിംക്ലർ, ബ്രൂവറി, ഡിസ്റ്റിലറി അഴിമതികൾ
സ്വർണ്ണം-ഡോളർ കടത്ത്
കരിമണൽ കടത്ത് കമ്മീഷൻ
കരുവന്നൂർ ബാങ്ക് കൊള്ള
ലൈഫ് പദ്ധതി അഴിമതി
AI ക്യാമറ അഴിമതി
ദുരിതാശ്വാസ ഫണ്ട് തട്ടിപ്പ്
പി.പി.ഇ കിറ്റ് അഴിമതി
ശബരിമല സ്വർണ്ണക്കൊള്ള

ലോക കേരളസഭ
നവകേരള സദസ്സ്
ആഗോള അയ്യപ്പ സംഗമം
ന്യൂനപക്ഷ സംഗമം
സർക്കാർ പരസ്യം
അഭിമുഖ ആഭാസങ്ങളും പി ആർ വർക്കും

വേണമെന്നതും ഉള്ള വ്യവസ്ഥകൾ റദ്ദാക്കിയത് ഒഴിച്ചുനിർത്തിയാൽ മാർച്ച് 12ലെ ഉത്തരവിലെ തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ എല്ലാം ഇപ്പോഴും അതേപടി നിലനിൽക്കുകയാണ്. ഇതിനാൽ ഭാവിയിൽ സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കാതെ ശമ്പളപരിഷ്കരണ കരാറുകളിൽ ഏർപ്പെടാൻ കെ.എസ്.ഇ.ബി. മാനേജ്മെന്റിനും തൊഴിലാളി സംഘടനകൾക്കും സാധിക്കില്ല. ശമ്പളപരിഷ്കരണത്തിന്റെ മുൻകാല പ്രാബല്യം സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കണമെന്ന വ്യവസ്ഥമൂലം കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിന് ഒരുവർഷത്തെ മുൻകാല പ്രാബല്യം നഷ്ടപ്പെടുന്നതിലൂടെ ഓരോ ജീവനക്കാരനും ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാവും. സർവ്വീസ് വെയിറ്റേജ് സംസ്ഥാന സർക്കാർ ജീവനക്കാരുടേതിന് സമാനമാക്കണമെന്ന വ്യവസ്ഥയിലൂടെ കെ.എസ്.ഇ.ബി.ജ ീവനക്കാർക്ക്സ ർവ്വീസ്െ വയിറ്റേജ് നഷ്ടപ്പെടാൻ പോവുകയാണ്. സി.ഇ.എ. റെഗുലേഷന്റെ പേരിൽ അനാവശ്യമായ വ്യവഹാരങ്ങൾ ഉണ്ടാക്കിയും വ്യവഹാരങ്ങൾ കോടതികളിൽ ഇടപെട്ട് സമയബന്ധിതമായി തീർക്കാതെയും ജീവനക്കാരുടെ അർഹതപ്പെട്ട പ്രമോഷനുകൾ വർഷങ്ങൾ നീട്ടിക്കൊണ്ടുപോയതിലൂടെയും ഓരോ ജീവനക്കാരനും ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.യുടെ അവശ്യ സാഹചര്യം പരിഗണിച്ച് അർഹതപ്പെട്ട അവധികളെടുക്കാതെ ജോലി ചെയ്തുകൊണ്ടിരുന്ന ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ലീവ് സറണ്ടർ ആനുകൂല്യം ഓരോ ജീവനക്കാരനും മക്കളുടെ വാർഷിക വിദ്യാഭ്യാസ ചെലവും മറ്റും നേരിടുന്നതിന് വലിയ ആശ്വാസമായിരുന്നു. എന്നാൽ പിണറായി വിജയൻ സർക്കാർ അധികാരത്തിലേറിയതോടെ ലീവ് സറണ്ടർ ആനുകൂല്യം ജീവനക്കാർക്ക് കിട്ടാകനിയായി മാറി. പ്രളയ ദുരിതാശ്വാസത്തിന്റെയും കോവിഡ് മഹാമാരിയുടെയും പേര് പറഞ്ഞുകൊണ്ട് ജീവനക്കാരിൽ നിന്ന് ഓരോ മാസത്തെ വീതം സമ്പളമാണ് ഇടതു സർക്കാർ നിർബന്ധപൂർവ്വപ ിടിച്ചുപറിച്ചത്.േ കരളഇ ലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) നടത്തിയ നിയമ സമര പോരാട്ടങ്ങളെ തുടർന്നാണ് ഈ പിടിച്ചുപറി ഒരു പരിധിവരെയെങ്കിലും പ്രതിരോധിക്കാനായത്.


കഴിഞ്ഞ പത്ത് വർഷംകൊണ്ട് കെ.എസ്.ഇ.ബിയിലെ ഉപഭോക്താക്കളുടെ എണ്ണത്തിലും പ്രതിഷ്ഠാപനങ്ങളിലും ഉണ്ടായ ഗണ്യമായ വർധനമൂലം ജോലിഭാരം വർധിച്ചെങ്കിലും അതിന് ആനുപാതികമായി തസ്തികകളും ജീവനക്കാരുടെ എണ്ണവും വർധിപ്പിക്കുന്നതിന് പകരം തസ്തികകൾ വെട്ടിക്കുറക്കുകയും നിയമനവും പ്രമോഷനുകളും സമയബന്ധിതമായി നൽകാതെ ജീവനക്കാരുടെ മേൽ അമിത ജോലിഭാരം അടിച്ചേൽപ്പിക്കുകയുമാണ് ഇടതുസർക്കാർ ചെയ്തത്. 2011 മെയ് മാസത്തിൽ ഉമ്മൻചാണ്ടി സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ഇ.ബി.യിൽ 29864 ജീവനക്കാരാണ് ഉണ്ടായിരുന്നത്.(2011 മാർച്ച് 31 ലെ കണക്ക് പ്രകാരം) അദ്ദേഹം അധികാരമൊഴിഞ്ഞ 2016 മെയ്മാസത്തിൽ 33706 ജീവനക്കാർ ഉണ്ടായിരുന്നു. ജീവനക്കാരുടെ എണ്ണത്തിൽ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് 3842 പേരുടെ വർധനയാണ് ഉണ്ടായത്. എന്നാൽ പിണറായി വിജയന്റെ ഭരണം പത്ത് വർഷം പൂർത്തിയാവുമ്പോൾ കെ.എസ്.ഇ.ബി.യിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം 26857 പേർ മാത്രമാണ്. ജീവനക്കാരുടെ എണ്ണത്തിൽ 6849 പേരുടെ കുറവാണ് ഈ പത്ത് വർഷംകൊണ്ടുണ്ടായത്. ഇത്രയും ജീവനക്കാരുടെ കുറവ് നിമിത്തം അധ്വാനഭാരം കൊണ്ട് മാനസികവും ശാരീരികവും ആയ രോഗങ്ങൾ കൊണ്ട് കഷ്ടപ്പെടുകയാണ് ജീവനക്കാരിലേറെയും.

ജീവനക്കാർ മാത്രമല്ല കെ.എസ്.ഇ.ബി. ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളവും ഇരുളടഞ്ഞ കാലമായിരുന്നു കഴിഞ്ഞ പത്ത് വർഷം. ***'ലോഡ് ഷെഡിംഗും പവർകട്ടും ഇല്ലാത്ത പത്ത് വർഷങ്ങൾ'*** എന്ന പരസ്യ വാചകം വൈദ്യുതി ബില്ലിൽ കൂടി അച്ചടിച്ച് പ്രചരിപ്പിച്ച് ജനങ്ങളെ കബളിപ്പിക്കുകയായിരുന്നു ഇടതുസർക്കാർ. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ആഭ്യന്തര വൈദ്യുതോൽപാദനം വർധിപ്പിച്ചും കുറഞ്ഞ വിലയുള്ള ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടും 2013 ജൂൺ മാസം തൊട്ടു തന്നെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നേരിടാൻ കെ.എസ്.ഇ.ബി.യെ അന്നത്തെ വൈദ്യുതിമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് സജ്ജമാക്കിയിരുന്നു. ഇതിനാൽ 2013 ജൂൺ മാസം മുതൽ 12 വർഷത്തിലേറെയായി കേരളത്തിൽ പവർകട്ടോ പ്രഖ്യാപിത ലോഡ്ഷെഡിംഗോ ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. എന്നാൽ ഈ വസ്തുത മറച്ചുവെച്ച് ഇത് കേവലം 10 വർഷം മാത്രമായി ചുരുക്കി രാഷ്ട്രീയ പ്രചരണം നടത്തുകയായിരുന്നു ഇടതുസർക്കാരും കെ.എസ്.ഇ.ബി. മാനേജ്മെന്റും. ഇടതുഭരണകാലത്ത് നിരവധി തവണ വൈദ്യുതി നിയന്ത്രണമെന്ന ഓമനപേരിൽ അപ്രഖ്യാപിത ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയിരുന്നത് സൗകര്യപൂർവ്വം മറച്ചുവെച്ച് ജനങ്ങളെ വിഡ്ഢികളാക്കുന്ന സമീപനമാണ് ഇടതു സർക്കാർ സ്വീകരിച്ചു വരുന്നത്.

ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ഒപ്പുവെച്ച യൂണിറ്റിന് 4 രൂപ 26 പൈസ നിരക്കിലുള്ള 465 മെഗാവാട്ടിനുള്ള ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ കൊണ്ട് സാങ്കേതിക കാരണങ്ങൾ പറഞ്ഞ് റദ്ദ് ചെയ്യിപ്പിച്ചു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ ഇടതു സംഘടനാ നേതാക്കളെ കുടിയിരുത്തിയാണ് ഇടതു സർക്കാർ അവരുടെ ഈ താൽപര്യം നടപ്പിലാക്കിയത്. അത് 25 വർഷത്തേക്കുള്ള കരാറായിരുന്നതിനാൽ 2040വരേയും ഇതേ നിരക്കിൽ വൈദ്യുതി ലഭിക്കുമായിരുന്നു എന്നതായിരുന്നു ഏറ്റവും ഗുണകരമായ കാര്യം. എന്നാൽ ഈ കരാർ റദ്ദ് ചെയ്ത് പകരം അദാനിയുൾപ്പെടെയുള്ള വൻകിട കുത്തകകളിൽ നിന്ന് യൂണിറ്റിന് 10 രൂപ വരെ നിരക്കിലാണ് വൈദ്യുതി വാങ്ങിയത്. വൻകിട കുത്തകകളിൽ നിന്ന് കമ്മീഷൻ പറ്റുന്നതിന് വേണ്ടിയാണ് ഈ കരാർ റദ്ദാക്കിയത് എന്ന്ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. ഈ കരാർ റദ്ദാക്കിയതിലൂടെ രണ്ടായിരം കോടിയിലേറെ രൂപയുടെ അധിക ബാധ്യതയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇതിനകം ഉണ്ടായത്.

ഈ ബാധ്യത ഉപഭോക്താക്കളുടെ തലയിൽ കെട്ടിവെക്കുന്നതിന് വേണ്ടി കഴിഞ്ഞ പത്ത് വർഷത്തിനിടെ 5 ഉത്തരവുകളിലൂടെ 6 തവണയാണ് വൈദ്യുതിചാർജ് വർധിപ്പിച്ചത്. 2017ൽ യൂണിറ്റ് ഒന്നിന് ശരാശരി 4.77 ശതമാനവും 2019ൽ ശരാശരി 7.32 ശതമാനവും 2022ൽ ശരാശരി 6.58 ശതമാനവും 2023ൽ ശരാശരി 3.2 ശതമാനവും 2024ലെ ഉത്തരവിലൂടെ 2024-25 വർഷത്തേക്ക് 2.39 ശതമാനവും 2025-26 വർഷത്തേക്ക് ശരാശരി 1.75 ശതമാനവുമാണ് വർധിപ്പിച്ചത്. ഗാർഹിക ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയ ഫിക്സഡ് ചാർജ് ക്രമാതീതമായി വർദ്ധിപ്പിക്കുയും ചെയ്തതിലൂടെ അധിക ഭാരം അടിച്ചേൽപ്പിച്ചു. വൈദ്യുതി വാങ്ങൽ ചെലവിനത്തിലുള്ള ബാധ്യത നേരിടാനെന്ന പേരിൽ ഫ്യുവൽ സർചാർജ് ഇനത്തിൽ നൂറുകണക്കിന് കോടി രൂപയാണ് കഴിഞ്ഞ 10 വർഷ കാലയളവിനിടയിൽ ഇടതു സർക്കാരിന്റെ ഭരണകാലത്ത് കെ.എസ്.ഇ.ബി. ഉപഭോക്താക്കളിൽ നിന്ന് പിഴിഞ്ഞെടുത്തത്. മികച്ച

## കാരുണ്യ ദീപം പൊലിഞ്ഞു



### നിലച്ചുപോയി .... സാന്ത്വന പദ്ധതികളും

- അനാഥകുട്ടികൾക്കുള്ള സ്നേഹപൂർവ്വം പദ്ധതി
- കിടപ്പുരോഗികൾക്കുള്ള ആശാകിരണം പദ്ധതി
- കേൾവിയില്ലാത്തകുട്ടികൾക്കുള്ള ശ്രുതി തരംഗം പദ്ധതി
- ആർദ്രം, സുകൃതം പദ്ധതികൾ
- കാരുണ്യ ബെനവലന്റ് ഫണ്ട്
- ഡയാലിസിസ് രോഗികൾക്കുള്ള പെൻഷൻ

# UDF കാലത്തെ വികസനങ്ങൾ (2011-2016)

- സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ മുന്നിൽ
- വിഴിഞ്ഞം തുറമുഖം
- സ്മാർട്ട്സിറ്റി പ്രവർത്തനം ആരംഭിച്ചു. കൊച്ചി മെട്രോ ടെസ്റ്റ് റൺ വിജയം നവംബറിൽ സർവ്വീസ്
- മദ്യ ഉപഭോഗം കുറഞ്ഞു, അപകട, ആത്മഹത്യ നിരക്കുകളിൽ കുറവ്
- 1 രൂപ അരി 94 ലക്ഷം പേർക്ക് 3500 കോടി സബ്സിഡി
- പാവപ്പെട്ടവരുടെ ചികിത്സയ്ക്ക് കാരുണ്യ
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 540 കോടി
- ജനസമ്പർക്കത്തിൽ 7.89 ലക്ഷം പരാതികൾക്ക് തീർപ്പ്
- പി.എസ്.സി വഴി റെക്കോർഡ് നിയമനം
- കൂടുതൽ സർക്കാർ മെഡിക്കൽ കോളേജുകൾ, സീറ്റുകൾ
- പട്ടികജാതി വകുപ്പിന് മെഡിക്കൽ കോളേജ്
- തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ തീരുമാനം
- സബർബൻ റെയിൽ മൂന്ന് വർഷത്തിനുള്ളിൽ
- റബറിന് 300 കോടിയുടെ സഹായം
- സർക്കാർ ആശുപത്രികളിലെ രോഗികൾക്കെല്ലാം മരുന്ന് സൗജന്യം
- ചികിത്സാ സഹായങ്ങൾ ഒരു കുടക്കീഴിൽ
- ക്ഷേമപെൻഷൻ മാസശമ്പളം പോലെ
- കാൻസർ ചികിത്സ ചിലവില്ലാതെ
- പ്രസവ ചികിത്സയും നവജാത ശിശുപരിരക്ഷയും സൗജന്യം
- 17000 പേർക്ക് അധ്യാപക പാക്കേജ്
- പട്ടികവർഗക്കാർക്ക് ഇഷ്ടമുള്ള ഭൂമി
- തീരമേഖലയിൽ 15000 വീടുകൾ കരുത്തുറ്റ സാമൂഹിക സുരക്ഷ
- ഓപ്പറേഷൻ കുബേരയിൽ 2,132 പേർ അറസ്റ്റിൽ ഭൂരഹിതരില്ലാത്ത രാജ്യത്തെ ആദ്യ ജില്ലകൾ കേരളത്തിൽ
- ഐ.റ്റി കയറ്റുമതി 15000 കോടി രൂപ
- പാൽ ഉത്പ്പാദനത്തിൽ വൻവർദ്ധന ജീവൻ നില നിർത്താൻ സൗജന്യ വൈദ്യുതി ബൈപാസുകൾ പൂർത്തിയാകുന്നു.
- ആദ്യ ഡിജിറ്റൽ സംസ്ഥാനം കേരളം
- പിന്നാക്ക സമുദായവികസന വകുപ്പും മുന്നാക്ക കോർപ്പറേഷനും
- അധികാര വികേന്ദ്രീകരണത്തിൽ കേരളം ഒന്നാമത്
- 3000 കോടിയുടെ ജപ്പാൻ കുടിവെള്ള പദ്ധതി
- കൊല്ലം കോട്ടപ്പുറം ദേശീയ ജലപാത സജ്ജം
- 1600 കോടിയുടെ 245 പാലങ്ങൾ
- മൂന്ന് ഫ്ളൈഓവറുകൾ
- 1.7 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതികരിച്ചു
- പൊതുമേഖലയ്ക്ക് റെക്കോർഡ് സഹായം
- തൊഴിലുറപ്പ് വേതനം കൂട്ടി
- നെല്ലിന്റെ താങ്ങുവില ഉയർത്തി
- എൻഡോസൾഫാൻ ദുരിതബാധിതർക്ക് നിരവധി പദ്ധതികൾ
- 620 കുട്ടികൾക്ക് കേൾവി ശക്തി
- മലയാളത്തിന് സർവ്വകലശാല, ശ്രേഷ്ഠഭാഷാ പദവി
- സാങ്കേതിക സർവ്വകലശാല
- കെ.എസ്.ആർ.ടി.സി പെൻഷന് പ്രതിമാസം 20 കോടി സഹായം
- ആദിവാസി സങ്കേതങ്ങൾക്ക് 215 കോടി
- പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങാനും വീട് വയ്ക്കുവാനും കൂടുതൽ സഹായം
- 12,216 പേരുടെ വായ്പ കുടിശ്ശിഖ എഴുതിത്തള്ളി
- 30,308 പേർക്ക് സ്നേഹവീട്
- പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം
- 12 പുതിയ താലൂക്കുകൾ പുതിയ വില്ലേജുകൾ
- പി.എസ്.സി റാങ്ക് ലിസ്റ്റുകൾ കാലഹരണപ്പെട്ടില്ല
- മുഖ്യമന്ത്രി വിളിപ്പുറത്ത്
- KSEB യിൽ ഉൾപ്പടെ പുതിയ ഓഫീസുകളിൽ തസ്തികകൾക്ക് അനുവാദം നൽകി. ആയിരക്കണക്കിന് നിയമനങ്ങൾ

മാനേജ്മെന്റിലൂടെ കെ.എസ്.ഇ.ബിയെ ലാഭത്തിലാക്കിയ 2001-2006ലെ യു.ഡി.എഫ്. സർക്കാർ യൂണിറ്റൊന്നിന് 20 പൈസ ചരിത്രത്തിലാദ്യമായി വൈദ്യുതിചാർജിനത്തിൽ കുറച്ചുവെന്ന വസ്തുത ഈ സാഹചര്യത്തിൽ പ്രത്യേകം സ്മരണീയമാണ്. അക്കാലത്ത് ബോർഡിന്റെ കാര്യക്ഷമതക്ക് കേന്ദ്രത്തിൽനിന്ന് ലഭിച്ച ഗ്രാന്റിൽനിന്ന് ഒരു വിഹിതം ഉപയോഗിച്ച് ജീവനക്കാർക്ക് 500 രൂപ വീതം പാരിതോഷികം നൽകിയതും കെ.എസ്.ഇ.ബി. ജീവനക്കാർക്ക് മധുരമുള്ള ഓർമ്മകൾ ആണ്.

കെ-ഫോൺ, ട്രാൻസ്ഗ്രിഡ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി കോടികളുടെ അഴിമതിയും ധൂർത്തുമാണ് ഇടതുഭരണകാലത്ത് നടത്തിയത്. പുരപ്പുറ സോളാറിലൂടെ കെ.എസ്.ഇ.ബി.ക്കുണ്ടായ നഷ്ടവും ഏറെയാണ്. ഇതിന്റെയൊക്കെ ബാധ്യത ഉപഭോക്താക്കളുടെ തലയിലാണ് കെട്ടിവെച്ചത്. വൈദ്യുതിക ണക്ഷനുള്ള ഇ.സി.എസ്.സി. നിരക്കിൽ വർദ്ധന വരുത്തിയ ഇടതു സർക്കാർ മറ്റു അറ്റകുറ്റപണികൾക്കുള്ള (ഡെപ്പോസിറ്റ് വർക്ക്) നാല് മടങ്ങ് വരെയാണ് വർധന വരുത്തിയത്.

സ്വകാര്യവൽക്കരണത്തിനെതിരെ വാതോരാതെ സംസാരിക്കുന്ന ഇടതു സർക്കാർ സംസ്ഥാനത്തെ വൈദ്യുതിമേഖല സ്വകാര്യവൽക്കരിക്കാനുള്ള നീക്കമാണ് നടത്തികൊണ്ടിരിക്കുന്നത്. കാലാവധി പൂർത്തിയായ കാപ്റ്റീവ് പവർ പ്ലാന്റായ മണിയാർ ജലവൈദ്യുതി പദ്ധതി ഏറ്റെടുത്ത് കെ.എസ്.ഇ.ബി.ക്ക് കൈമാറാതെ അത് തുടർന്നും കൈവശം വെക്കാൻ കാർബറോണ്ടം കമ്പനിയെ അനുവദിക്കുകാണ് ഇടതുസർക്കാർ ചെയ്തത്. 250 കോടി രൂപയിൽ കൂടുതൽ മുതൽമുടക്ക് വരുന്ന എല്ലാ പ്രസരണ പദ്ധതികളും ഇനിമുതൽ TBCB അടിസ്ഥാനത്തിൽ സ്വകാര്യമേഖലക്ക് കൈമാറാൻ തീരുമാനിച്ചിരിക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി. ജീവനക്കാരെ സംബന്ധിച്ചിടത്തോളവും ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളവും ദുരിതം നിറഞ്ഞ പത്ത് വർഷമാണ് കടന്നുപോയത്. ഈ ദുരിതത്തിൽനിന്ന് മോചനം നേടുന്നതിനുള്ള സുവർണാവസരമാണ് നമുക്ക് കൈവന്നിരിക്കുന്നത്. ഈ അവസരം ഉപയോഗപ്പെടുത്തി കെ.എസ്.ഇ.ബിയെയും ഉപഭോക്താക്കളെയും ജീവനക്കാരേയും രക്ഷക്കായി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) സംസ്ഥാനകമ്മിറ്റി**

**160 മാസത്തെ ക്ഷാമബത്ത കുടിശ്ശികയിൽ ഓരോ തൊഴിലാളിക്കും വന്ന നഷ്ടം...**

**അടിസ്ഥാന ശമ്പളം അടിസ്ഥാനത്തിൽ... പലിശ വേറെയും**

As on 4.3.2026

| MASTER-SCALE-BASIC PAY | LOSS-1/7/2022-4%-32 MONTHS | LOSS-1/1/2023-4%-34 MONTHS | LOSS-1/7/2023-3%-28 MONTHS | LOSS - 1/1/2024-4%-25 MONTHS | LOSS-1/7/2024-3%-19 MONTHS | LOSS-1/1/2025 2%-13 MONTHS | LOSS-1/7/2025-2%-7 MONTHS | LOSS-1/1/2026-2%-2 MONTHS | TOTAL LOSS |
|---|---|---|---|---|---|---|---|---|---|
| 24400 | 31232 | 33184 | 20496 | 24400 | 13908 | 6344 | 3416 | 976 | 137956 |
| 25100 | 32128 | 34136 | 21084 | 25100 | 14307 | 6526 | 3514 | 1004 | 137799 |
| 25300 | 33024 | 35088 | 21672 | 25800 | 14706 | 6708 | 3612 | 1032 | 141642 |
| 26500 | 33920 | 36040 | 22260 | 26500 | 15105 | 6890 | 3710 | 1060 | 145485 |
| 27400 | 35072 | 37264 | 23016 | 27400 | 16131 | .7120 | 3836 | 1136 | 150422 |
| 28300 | 37522 | 38488 | 28596 | 28300 | 16131 | 7399 | 4116 | 1136 | 153442 |
| 29400 | 39040 | 41486 | 24400 | 29400 | 17385 | 8844 | 4270 | 1220 | 167840 |
| 33100 | 44368 | 45286 | 25620 | 30500 | 16126 | 8390 | 4634 | 1272 | 171662 |
| 33100 | 44092 | 46780 | 26590 | 33800 | 21652 | 9940 | 5840 | 1248 | 187040 |
| 34000 | 46704 | 48940 | 39504 | 34400 | 21536 | 8896 | 6534 | 1576 | 187440 |
| 54700 | 46496 | 53869 | 38544 | 34700 | 22572 | 9946 | 6899 | 1640 | 222052 |
| 39600 | 48424 | 57156 | 33324 | 39600 | 22632 | 10296 | 5544 | 1504 | 206433 |
| 41600 | 43688 | 56576 | 34944 | 41500 | 23712 | 11816 | 5824 | 1664 | 234444 |
| 43600 | 55808 | 53296 | 36804 | 45600 | 24852 | 11336 | 6104 | 1744 | 239384 |
| 47600 | 65892 | 64736 | 38384 | 47600 | 25992 | 11366 | 6104 | 1906 | 261324 |
| 49900 | 63922 | 67864 | 31916 | 49900 | 27132 | 12376 | 6666 | 1996 | 273551 |
| 55200 | 66816 | 70992 | 33984 | 57200 | 29732 | 13672 | 7308 | 2088 | 286578 |
| 56800 | 69760 | 74120 | 45780 | 54500 | 34052 | 11546 | 7630 | 2180 | 299205 |
| 56100 | 77204 | 77248 | 47712 | 56800 | 32783 | 11766 | 6996 | 2773 | 311832 |
| 57200 | 69573 | 83504 | 41913 | 65500 | 29647 | 13572 | 7506 | 2596 | 333761 |
| 56900 | 76543 | 89736 | 49366 | 64500 | 31068 | 15610 | 8546 | 2556 | 330811 |
| 66400 | 78492 | 97504 | 55576 | 66300 | 39373 | 15964 | 9946 | 2756 | 353636 |
| 66500 | 33595 | 99094 | 55776 | 68900 | 39273 | 17314 | 9596 | 2256 | 391996 |
| 66900 | 92392 | 100904 | 62076 | 71400 | 40698 | 21034 | 10346 | 2856 | 405711 |
| 76400 | 91792 | 103904 | 64176 | 79400 | 47948 | 19564 | 10696 | 3050 | 419436 |
| 75400 | 105422 | 117994 | 66296 | 73400 | 45568 | 20644 | 11116 | 3176 | 435906 |
| 79400 | 105472 | 116144 | 71736 | 85400 | 46678 | 22204 | 11856 | 3916 | 466946 |
| 85400 | 109312 | 117164 | 71736 | 85400 | 48678 | 22204 | 11956 | 3416 | 468946 |

# കേരളം ജയിക്കും UDF നയിക്കും

## കേരളത്തിലെ 14 ജില്ലകളിലെ യു.ഡി.എഫ്. സാരഥികൾ

### തിരുവനന്തപുരം




### കൊല്ലം




### കോട്ടയം




### ആലപ്പുഴ



## എറണാകുളം



- പറവൂർ: വി.ഡി സതീശൻ
- എറണാകുളം: ടി.ജെ വിനോദ്
- തൃപ്പൂണിത്തുറ: ദീപക് ജോയ്
- തൃക്കാക്കര: ഉമ തോമസ്
- വൈപ്പിൻ: ടോണി ചമ്മണി



- കൊച്ചി: മുഹമ്മദ് ഷിയാസ്
- ആലുവ: അൻവർ സാദത്ത്
- കുന്നത്തുനാട്: വി. പി സജീന്ദ്രൻ
- അങ്കമാലി: റോജി എം. ജോൺ
- പെരുമ്പാവൂർ: മനോജ് മൂത്തേടൻ



- മൂവാറ്റുപുഴ: ഡോ. മാത്യു കുഴൽനാടൻ
- കളമശ്ശേരി: വി. പി അബ്ദുൾ ഗഫൂർ
- കോതമംഗലം: ഷിബു തെക്കുംപുറം
- പിറവം: അനൂപ് ജേക്കബ്

## തൃശ്ശൂർ



- കുന്നംകുളം: പി. ടി അജയ് മോഹൻ
- മണലൂർ: ടി. എൻ പ്രതാപൻ
- വടക്കാഞ്ചേരി: പി. എൻ വൈശാഖ്
- ഒല്ലൂർ: അഡ്വ. ഷാജി കോടങ്കണ്ടത്ത്
- തൃശ്ശൂർ: രാജൻ ജെ. പല്ലൻ



- നാട്ടിക: സുനിൽ ലാലൂർ
- കൈപ്പമംഗലം: ടി. എം നാസർ
- പുതുക്കാട്: കെ. എം ബാബുരാജ്
- ചാലക്കുടി: സനീഷ്കുമാർ ജോസഫ്



- കൊടുങ്ങല്ലൂർ: അഡ്വ. ഒ. ജെ ജനീഷ്
- ഗുരുവായൂർ: സി. എച്ച് റഷീദ്
- ഇരിഞ്ഞാലക്കുട: തോമസ് ഉണ്ണിയാടൻ
- ചേലക്കര: ശിവൻ വീട്ടിക്കുന്ന്

## പാലക്കാട്



- തൃത്താല: വി. ടി ബൽറാം
- പട്ടാമ്പി: ടി. പി ഷാജി
- ഷൊർണൂർ: പി. ഹരിഗോവിന്ദൻ
- കോങ്ങാട്: കെ. എ തുളസി



- മലമ്പുഴ: എ. സുരേഷ്
- പാലക്കാട്: രമേഷ് പിഷാരടി
- തരൂർ: കെ. സി സുബ്രഹ്മണ്യൻ
- ചിറ്റൂർ: സുമേഷ് അച്യുതൻ



- നെന്മാറ: എ. തങ്കപ്പൻ
- ആലത്തൂർ: കെ. എൻ ഫെബിൻ
- മണ്ണാർക്കാട്: അഡ്വ. എൻ ഷംസുദ്ദീൻ
- ഒറ്റപ്പാലം: പി. കെ ശശി

## മലപ്പുറം



- നിലമ്പൂർ: ആര്യാടൻ ഷൗക്കത്ത്
- വണ്ടൂർ: എ. പി അനിൽ കുമാർ
- തവനൂർ: വി. എസ് ജോയ്
- പൊന്നാനി: നൗഷാദ് അലി
- കൊണ്ടോട്ടി: ടി. പി അഷ്റഫ് അലി
- ഏറനാട്: പി. കെ ബഷീർ



- മഞ്ചേരി: എം. റഹ്മത്തുള്ള
- പെരിന്തൽമണ്ണ: നജീബ് കാന്തപുരം
- മങ്കട: മഞ്ഞളാംകുഴി അലി
- മലപ്പുറം: പി.കെ കുഞ്ഞാലി കുട്ടി
- വേങ്ങര: കെ. എം ഷാജി



- വള്ളിക്കുന്ന്: ടി. വി ഇബ്രാഹിം
- തിരൂരങ്ങാടി: പി. എം. എ സമീർ
- താനൂർ: പി. കെ നവാസ്
- തിരൂർ: കുറുക്കോളി മൊയ്തീൻ
- കോട്ടക്കൽ: ആബിദ് ഹുസൈൻ തങ്ങൾ

## കോഴിക്കോട്



- കോഴിക്കോട് നോർത്ത്: അഡ്വ. കെ. ജയന്ത്
- കൊയിലാണ്ടി: അഡ്വ. കെ. പ്രവീൺ കുമാർ
- ബാലുശ്ശേരി: വി.ടി സൂരജ്
- നാദാപുരം: കെ.എം അഭിജിത്
- എ ലത്തൂർ: അഡ്വ. വിദ്യ ബാലകൃഷ്ണൻ



- കുറ്റ്യാടി: പാറക്കൽ അബ്ദുള്ള
- കുന്ദമംഗലം: എം.എ റസാഖ്
- കൊടുവള്ളി: പി.കെ ഫിറോസ്
- തിരുവമ്പാടി: സി.കെ കാസിം



- പേരാമ്പ്ര: അഡ്വ. ഫാത്തിമ തഹ്‌ലിയ
- കോഴിക്കോട് സൗത്ത്: ഫൈസൽ ബാബു
- വടകര: കെ.കെ രമ
- ബേപ്പൂർ: പി.വി അൻവർ

## കണ്ണൂർ



- പേരാവൂർ: അഡ്വ. സണ്ണി ജോസഫ്
- ഇരിക്കൂർ: അഡ്വ. സജീവ് ജോസഫ്
- കണ്ണൂർ: അഡ്വ. ടി.ഒ മോഹനൻ
- ധർമ്മടം: വി. പി അബ്ദുൾ റഷീദ്



- മട്ടന്നൂർ: ചന്ദ്രൻ തില്ലങ്കേരി
- കല്ല്യാശ്ശേരി: അഡ്വ. രാജീവൻ കപ്പച്ചേരി
- തലശ്ശേരി: കെ.പി സാജു
- അഴീക്കോട്: അഡ്വ. കരീം ചേലേരി



- കൂത്തുപറമ്പ്: ജയന്തി രാജൻ
- തളിപ്പറമ്പ്: ടി.കെ ഗോവിന്ദൻ
- പയ്യന്നൂർ: വി. കുഞ്ഞികൃഷ്ണൻ

VOTE FOR UDF

## കാസറഗോഡ്



- ഉദുമ: കെ. നീലകണ്ഠൻ
- തൃക്കരിപ്പൂർ: സന്ദീപ് വാര്യർ
- കാസർകോട്: കല്ലട്ര മാഹിൻ ഹാജി



- മഞ്ചേശ്വരം: എ.കെ.എം അഷ്റഫ്
- കാഞ്ഞങ്ങാട്: ഷൈജി ഓട്ടപ്പള്ളി

## പത്തനംതിട്ട



- റാന്നി: അഡ്വ. പഴകുളം മധു
- ആറന്മുള: അഡ്വ. അബിൻ വർക്കി
- കോന്നി: സതീഷ് കൊച്ചുപറമ്പിൽ



- അടൂർ: അഡ്വ. സി. എസ് ശാന്തകുമാർ
- തിരുവല്ല: വർഗീസ് മാമ്മൻ

## ഇടുക്കി



- ദേവികുളം: എഫ്. രാജ
- ഉടുമ്പൻചോല: അഡ്വ. സേനാപതി വേണു
- ഇടുക്കി: റോയി കെ പൗലോസ്



- പീരുമേട്: അഡ്വ. സിറിയക് തോമസ്
- തൊടുപുഴ: അപു ജോൺ ജോസഫ്

## വയനാട്



- കൽപ്പറ്റ: അഡ്വ. ടി.സിദ്ധിഖ്



- സുൽത്താൻ ബത്തേരി: ഐ.സി ബാലകൃഷ്ണൻ
- മാനന്തവാടി: ഉഷ വിജയൻ

Printed and Published by K.P.Dhanapalan Ex.MP, printed @ Ethix offset, PKD. No. o copies 1000